മാർച്ച് 2024

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

129-ാമത് മാരാമൺ കൺവൻഷൻ സമംഗളം പര്യവസാനിച്ചു. കൺവൻഷന്റെ നടത്തിപ്പിൽ ആദ്യാവസാനം വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കാം. അർത്ഥവത്തായ വചന കേഴ്‌വി സാധ്യമായിത്തീർന്നു. അതോടൊപ്പം സാമൂഹ്യ, ഗാർഹിക, രാഷ്ട്രീയ തലങ്ങളിലുള്ള പ്രശ്നങ്ങളിലേക്ക് കൺവൻഷൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്തു. അനേകായിരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഈ മഹായോഗത്തിന്റെ ഭാഗമായി. വചനത്തിന്റെ കാലികമായ വ്യാഖ്യാനങ്ങളെ വ്യത്യസ്ത സാമൂഹിക പരിസരങ്ങളിലുള്ളവരിലൂടെ ശ്രവിച്ചതും അതിനനുസരിച്ചു ജീവിതത്തെ പുനഃക്രമീകരിക്കാനുള്ള അവസരം ലഭിച്ചതും വിശ്വാസ ജീവിതത്തിലെ അസുലഭ നിമിഷങ്ങളത്രെ. സാമൂഹ്യ തിന്മകൾക്കെതിരായുള്ള സഭയുടെ നിലപാട് ഏവരും ശ്രദ്ധിച്ചിരിക്കേണ്ടതാണ്. അനേകരുടെ അദ്ധ്വാനവും കൂട്ടായ സഹകരണവും കൺവൻഷന്റെ നടത്തിപ്പിന് പിൻപിലുണ്ടായിരുന്നു എന്നത് കൃതജ്ഞതയോടെ സ്മരിക്കുന്നു. നേതൃത്വം നല്കിയ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം ഭാരവാഹികളെയും പ്രാദേശിക ഇടവകകളെയും അഭിനന്ദിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തിന് മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പേരിൽ നന്ദി അറിയിക്കുന്നു. പ്രസംഗകരോടും പരിഭാഷ നിർവ്വഹിച്ചവരോടുമുള്ള നന്ദിയും അറിയിക്കുന്നു. പ്രസംഗങ്ങളും കൺവൻഷൻ വാർത്തകളും ജനങ്ങളിലേക്കെത്തിച്ച മാധ്യമ പ്രവർത്തകരോടും കൺവൻഷൻ ഗാനങ്ങൾ ആലപിച്ച ഗായകസംഘത്തോടുമുള്ള നന്ദി നിസീമമത്രെ. അനേക ചരിത്ര മുഹൂർത്തങ്ങൾക്കു സാക്ഷ്യം വഹിച്ച മാരാമൺ കൺവൻഷന് ദേശീയ തലത്തിൽ അംഗീകാരം നല്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് കൺവൻഷന്റെ ഉദ്ഘാടന സമ്മേളനത്തിൽ ഞാൻ അഭിപ്രായപ്പെട്ടത് വീണ്ടും ഇവിടെ ആവർത്തിക്കുകയാണ്. ഗവണ്മെന്റുകൾ ഇതിൽ ശ്രദ്ധിക്കും എന്ന് കരുതുന്നു. ഉദ്ഘാടന സമ്മേളനത്തിൽ ഞാൻ പങ്കിട്ട ഏതാനും ചില ചിന്തകൾ കൂടി ഏവരെയും ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

നമ്മുടെ മാതൃരാജ്യമായ ഇന്ത്യൻ റിപ്പബ്ലിക്കും നമ്മുടെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയും 75-ാം വർഷത്തിലേക്കു പ്രവേശിച്ച് ജൂബിലി ആഘോഷിക്കുന്നു. കൊളോണിയൽ ഭരണ വ്യവസ്ഥിതിയോടുള്ള ഇന്ത്യൻ പ്രതികരണങ്ങൾ ഒരു ജനാധിപത്യ രാജ്യ നിർമ്മിതിയിലേക്കാണ് നമ്മെ നയിച്ചത്. വ്യത്യസ്തതകൾ ഏറെയുള്ള ഈ രാജ്യം മതനിരപേക്ഷതയിലും എല്ലാവർക്കും തുല്യ നീതി എന്ന തത്വത്തിലും അടിയുറച്ചു രൂപീകരിച്ച ഒരു ഭരണഘടനയുടെ പിൻബലത്തിൽ നിലനിൽക്കുന്നു. ജനാധിപത്യത്തിന്റെ ഉദാത്ത മാതൃകയായിരുന്നു ഭാരതം എന്നത് പ്രത്യേകം പ്രസ്താവ്യമത്രെ. എന്നാൽ അടുത്തകാലത്ത് രൂപപ്പെട്ടുവരുന്ന ചില വിഭാഗീയ പ്രവണതകളും ആൾക്കൂട്ടങ്ങൾ നിയമം കയ്യിലെടുക്കുന്നതും രാജ്യസ്നേഹികളായ എല്ലാവരെയും വ്യാകുലരാക്കുന്നു. നമ്മുടെ രാജ്യവും നമ്മുടെ ഭരണഘടനയും ഇത്തരം നശീകരണ പ്രവർത്തനങ്ങളെ അതിജീവിക്കും എന്ന് പ്രത്യാശിക്കാം.

സംഘർഷ ഭരിതമായ സാഹചര്യങ്ങളും ആഗോളതലത്തിൽ നിഴലിക്കുന്നുണ്ട്. ഗാസയിൽ ഉൾപ്പെടെ ലോകത്തിന്റെ പല രാജ്യങ്ങളിലായി ഏകദേശം 21 സ്ഥലത്ത് ഇപ്പോഴും യുദ്ധം നടന്നുകൊണ്ടിരിക്കുന്നു. ലോകത്ത് സമാധാനം സ്ഥാപിക്കപ്പെടുവാൻ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം. കുഷ്ഠരോഗികളായ ആളുകൾക്കുവേണ്ടി സ്വജീവിതം ഉഴിഞ്ഞു വച്ച ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസും രണ്ടു കുരുന്നു മക്കളും മരണമടഞ്ഞതിന്റെ 25-ാം വാർഷികം കൂടിയാണ് 2024. ഉത്തരേന്ത്യയിൽ കർഷകർ വീണ്ടും പ്രക്ഷോഭം ആരംഭിച്ചിരിക്കുന്നു. പോലീസും പട്ടാളവും കർഷകരുമായി ഏറ്റുമുട്ടുന്നത് അവസാനിപ്പിച്ച് ചർച്ചകളിലൂടെ ഒരു പരിഹാരമുണ്ടാക്കുവാൻ ശ്രമിച്ചിരുന്നെങ്കിൽ എന്നാശിക്കുന്നു. ജയ് ജവാൻ, ജയ് കിസാൻ എന്നുച്ചൈസ്ഥരം ഘോഷിച്ച ഒരു രാജ്യമാണിതെന്നോർക്കുക. അതിജീവനത്തിനായുള്ള നെടുവീർപ്പു പങ്കിടുന്ന കർഷകരെയും ആദിവാസികളെയും ദളിതരെയും അധഃസ്ഥിത വിഭാഗങ്ങളെയും ചേർത്തു നിർത്തണം.

ലോകത്തിന്റെ പല ഭാഗങ്ങളിലായി അറുപതിലേറെ രാജ്യങ്ങളിൽ പൊതുതിരഞ്ഞെടുപ്പു നടക്കാൻ പോകുന്ന വർഷമാണിത്. ലോകജനസംഖ്യയുടെ പകുതിയോളം പേർ പോളിങ് ബൂത്തിലേക്ക് പോകുമ്പോൾ

ജനാധ്യപത്യത്തിന്റെ ഭാവി എന്താവും എന്ന ചോദ്യം എങ്ങും ഉയരുന്നു. ജനാധിപത്യം തുടരണോ എന്ന് ലോകം വിധിയെഴുതുന്ന ഒരു വർഷം. നാം ഹൃദയത്തോടു ചേർത്തു വയ്ക്കുന്ന നമ്മുടെ മാതൃരാജ്യമായ ഭാരതവും ഈ വർഷം ലോകസഭയിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനെ നേരിടുന്നു. മതേതരത്വം, ജനാധിപത്യം, സോഷ്യലിസം തുടങ്ങിയ ഭരണഘടനാ മൂല്യങ്ങളെ ഉയർത്തിക്കാട്ടുവാനുള്ള അവസരമായി ഇതിനെ മാറ്റിയെടുക്കാം. മാനവരാശിയെ പ്രജയിൽ നിന്നു പൗരനിലേക്ക് ഉയർത്തിയ ജനാധിപത്യ പ്രക്രിയയ്ക്കു തുടക്കമിട്ടത് ക്രിസ്തുവിനു ശേഷമാണെന്നും അതിനാൽ മാനവികതയുടെ ദൈവം മനുഷ്യരാശിക്കു നൽകിയ ഏറ്റവും വലിയ സ്വത്താണ് സ്വാതന്ത്ര്യവും ജനാധിപത്യവും എന്നും രാഷ്ട്രീയ ചിന്തകർ പറയാറുണ്ട്. ജനാധിപത്യത്തിലെ ഏറ്റം അഭിവാജ്യ ഘടകമാണ് വോട്ടു ചെയ്യുവാനുള്ള അവകാശം എന്ന് നാം മറന്നു പോകരുത്. 18 വയസ്സ് പൂർത്തിയായ എല്ലാവരും വോട്ടേഴ്സ് ലിസ്റ്റിൽ തങ്ങളുടെ പേര് ചേർക്കുവാൻ ഉത്സാഹിക്കണം.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഓരോ വർഷവും ഇരട്ടിക്കുകയാണ്. ഉയർന്ന ജീവിതനിലവാരം തേടി വിദ്യാർത്ഥികൾ വിദേശങ്ങളിലേക്ക് പോകുന്നതാണ് ഇതിന് പ്രധാന കാരണം. കാലോചിതമായ പരിഷ്കാരത്തിലൂടെ കേരളത്തിലെ ബിരുദ കോഴ്സുകൾ ആകർഷകമാക്കുവാൻ ശ്രമങ്ങൾ ആരംഭിച്ചു എന്നത് ആശ്വാസകരമാണ്. സംസ്ഥാനത്തെ ബിരുദ ബിരുദാനന്തര പഠനത്തിൽ വലിയ മാറ്റം വരുത്തുകയെന്ന ലക്ഷ്യത്തോടെ ഇക്കഴിഞ്ഞ സംസ്ഥാന ബജറ്റിൽ വിദേശ സർവകലാശാലകൾ ആരംഭിക്കുന്ന കാര്യം എടുത്തു പറഞ്ഞിരുന്നു. ബജറ്റിലെ സുപ്രധാനമായ രണ്ട് നിർദ്ദേശങ്ങൾ സ്വകാര്യ സർവ്വ കലാശാലകൾ സ്ഥാപിക്കാൻ നടപടി എടുക്കും, വിദേശ സർവ്വകലാശാലകളുടെ കാമ്പസുകൾ സ്ഥാപിക്കാനുള്ള അവസരങ്ങൾ പരിശോധിക്കും എന്നിവയാണ്. അല്പം വൈകിപ്പോയെങ്കിലും നല്ല തീരുമാനമാണ് ഇത്. ഇവയുടെ പ്രായോഗിക വശങ്ങൾ കൂടെ പരിഗണിച്ചു അധികൃതർ മുൻപോട്ട് പോകുമെന്ന് പ്രതീക്ഷിക്കാം.

ഒരു നൂറ്റാണ്ട് മുമ്പ് ഗുരുതരമായ ആരോഗ്യപ്രശ്നം എന്നതിലുപരി സാമൂഹിക വിവേചനത്തിനു കൂടി കാരണമായിരുന്ന കുഷ്ഠരോഗം ഇപ്പോഴും കേരളത്തിൽ പൂർണമായും തുടച്ചു നീക്കാനാകാത്ത ഒരു ആരോഗ്യ പ്രശ്നമായി തുടരുന്നു എന്നത് ഉത്കണ്ഠാജനകമാണ്. കഴിഞ്ഞ വർഷം കേരളത്തിൽ 133 പേർക്കാണ് കുഷ്ഠരോഗം കണ്ടെത്തിയത്. ഇതിൽ 117 പേർക്ക് തീവ്രത കൂടിയ രോഗമായിരുന്നു. രോഗം കണ്ടെത്താൻ വൈകിയതിനെതുടർന്ന് ഇവരിൽ ഏഴുപേർക്ക് അംഗവൈകല്യമുണ്ടായി. ഇപ്പോൾ, 600 പേരാണ് കേരളത്തിൽ ഈ രോഗത്തെ തുടർന്ന് ചികിത്സയിലുള്ളത്. ലോകത്തിലെ കുഷ്ഠരോഗബാധിതരിൽ 60 ശതമാനവുമുള്ളത് ഇന്ത്യയിലാണ്. സഭയായും കുഷ്ഠരോഗ നിവാരണത്തിനായി ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ട്രാൻസ്ജെൻഡേഴ്സിന് മാന്യമായി ജീവിക്കുവാനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടത് സഭയുടെയും കൂടെ കടമയാണ് എന്ന് നാം വിശ്വസിക്കുന്നു. ഏതൊരാളുടെയും അടിസ്ഥാനപരമായ ആവശ്യവും അവകാശവുമാണ് അന്തിയുറങ്ങാനൊരിടം എന്നത്. ലിംഗ-ജാതി-മത ഭേദമെന്യേ എല്ലാവർക്കും അത് ഉറപ്പ് വരുത്തേണ്ട ബാധ്യത നമുക്കുണ്ട്. എന്നാൽ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിക്ക് ഷെൽട്ടറിനാവശ്യമായ ഫണ്ട് സർക്കാരിന്റെ ബജറ്റിൽ നീക്കി വെക്കുമ്പോൾ തന്നെ, രണ്ട് വർഷമായിട്ടും പദ്ധതി നടപ്പിലാക്കാതെ പോവുന്നത് ദുഖകരമാണ്. 2017ൽ കേരള മെട്രൊ റെയിൽ ലിമിറ്റഡിന്റെ കീഴിൽ കൊച്ചി മെട്രോ അതിന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ മുമ്പോട്ട് വെച്ച അഭിമാനകരമായ തീരുമാനമായിരുന്നു, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവിടെ തൊഴിൽ ഉറപ്പാക്കുമെന്നത്. എന്നാൽ മെട്രൊ അതിന്റെ പ്രവർത്തനം ആരംഭിച്ച് ഏഴ് വർഷം കഴിയുമ്പോഴും ട്രാൻസ്ജെൻഡേഴ്സ് എവിടെയാണ് എന്ന ചോദ്യം നമ്മെ അലട്ടേണ്ടതാണ്.

ഒരു വർഷമായി ഗ്രാന്റ് ലഭിക്കാതെ പ്രതിസന്ധിയിലായ ആദിവാസി - ദലിത് വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു എന്നത് ഏറ്റവും ആശങ്കാജനകമായ വാർത്തയാണ്. ഉന്നതപഠനത്തിനായി നൽകേണ്ട ഗ്രാന്റുകളും സ്കോളർഷിപ്പുകളും മുടങ്ങിയതിനെതുടർന്ന് രണ്ടു വർഷത്തിനുള്ളിൽ നൂറിലേറെ യു.ജി./പി.ജി. വിദ്യാർത്ഥികൾ വിവിധ കലാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോയി എന്നാണ് റിപ്പോർട്ട്. ഹോസ്റ്റൽ ഫീസും മറ്റും നൽകാനാകാതെ നിരവധി വിദ്യാർഥികൾ വിഷമം നേരിടുന്നു. ഹോസ്റ്റലിൽ താമസിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ഫീസ് നൽകാൻ കഴിയാത്തതും പ്രതിസന്ധിക്ക് ആഴം കൂട്ടിയിട്ടുണ്ട്. ദളിത്, ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗ്രാന്റുകൾ നൽകുവാൻ അധികൃതർ തയ്യാറാകേണ്ടതാണ്.

നോമ്പിന്റെ നാളുകളിലൂടെ നാം കടന്നുപോകുന്നുവല്ലോ. മനുഷ്യരോടും പ്രകൃതിയോടുമുള്ള നമ്മുടെ ഉത്തരവാദിത്തം ഏറെയാണെന്ന് നോമ്പുദിനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. നിരന്തര പ്രാർത്ഥനയുടെയും ജീവിത ക്രമീകരണത്തിന്റെയും നാളുകളായി ഈ ദിവസങ്ങളെ രൂപാന്തരപ്പെടുത്തണം. വ്യക്തിഗത, സാമൂഹിക ജീവതങ്ങളിലെ പുഴുക്കുത്തുകളെ തിരിച്ചറിയുവാനും ദൈവ കൃപയാൽ അവയെ അതിജീവിക്കുവാനുമുള്ള മനോബലം നോമ്പിലൂടെ നാം പ്രാപിക്കണം. നോമ്പുകാലത്തെ ഏറ്റവും പ്രാധാന്യമുള്ള വിശുദ്ധ വാരവും മാർച്ച് മാസത്തിൽ തന്നെയാണ്. യേശു ക്രിസ്തുവിന്റ ക്രൂശ് മരണത്തെ ധ്യാനിക്കുകയും ഉയിർപ്പിനെ കൊണ്ടാടുകയും ചെയ്യുന്നു. രക്ഷകനായ ക്രിസ്തുവിനോടൊപ്പം ക്രിസ്തുവിങ്കലേക്ക് അവന്റെ ക്രൂശിന്റെ പാതയിൽ സഞ്ചരിക്കുന്ന ഈ നാളുകൾ, പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ആരാധനയുടെയും അനുഗ്രഹീത കാലമായിത്തീരുവാൻ ദൈവം തുണയ്ക്കട്ടെ. സഭയായി നോമ്പ് നമസ്ക്കാര ക്രമം പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. ഓരോ ദിവസത്തേക്കും പ്രത്യേക ധ്യാനവിഷയങ്ങളും, ആ ധ്യാനവിഷയത്തെ

അടിസ്ഥാനമാക്കി വേദവായനാ ഭാഗങ്ങളും, ആരാധനാ ഗീതങ്ങളും, പദ പ്രയോഗങ്ങളും, പ്രാർത്ഥനകളും ഉൾപ്പെടുത്തിയാണ് ശുശ്രൂഷാക്രമം തയ്യാറാക്കിയിരിക്കുന്നത്. വലിയ നോമ്പുനാളുകളിൽ ഭവനങ്ങളിൽ വെച്ചോ, പള്ളികളിൽ വെച്ചോ പ്രാർത്ഥനകൾ ക്രമീകരിക്കുമ്പോൾ ഈ ക്രമം ഉപയോഗിക്കണം. നമ്മുടെ ഭവനങ്ങളിൽ ഓരോ അംഗത്തിനും ഒരു നമസ്ക്കാര ക്രമം എന്ന നിലയിൽ വാങ്ങി ഉപയോഗിക്കുന്നത് ഉത്തമമാണ്.

സഭാ ഭരണഘടന സമഗ്രമായി പഠിച്ച് കാലോചിതമായി പരിഷ്ക്കരിക്കുക എന്ന പ്രധാന അജണ്ടയോടുകൂടെ ഫെബ്രുവരി 7 മുതൽ 9 വരെ വിശേഷാൽ പ്രതിനിധി മണ്ഡലം സമ്മേളിച്ചു. അനുഗ്രഹകരമായി അത് നടത്തപ്പെടുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കാം. അനേകരുടെ ആത്മാർത്ഥമായ അദ്ധ്വാനം അതിന്റെ പിന്നിലൂണ്ടായിരുന്നു. മൂന്ന് ദിവസങ്ങളിലെ കൂട്ടായ ആലോചനയിലൂടെ ഏകദേശം 60 നടുത്ത് വകുപ്പുകൾ ഭേദപ്പെടുത്തുവാൻ സാധിച്ചു. നമ്മുടെ എല്ലാ പരിശ്രമങ്ങളും ദൈവനാമ മഹത്വത്തിനും സഭയുടെ കെട്ടുപണിക്കും ദൈവജനത്തിന്റെ അനുഗ്രഹത്തിനുമായിത്തീരുവാൻ ദൈവം കൃപ ചെയ്യണമെ എന്ന് പ്രാർത്ഥിക്കാം. 2023 ലെ സഭാ പ്രതിനിധി മണ്ഡല യോഗത്തിൽ ഓൾഡ് കാത്തലിക്ക് ചർച്ചും - മാർത്തോമ്മാ സഭയും തമ്മിൽ എക്യൂമെനിക്കൽ ബന്ധത്തിൽ പ്രവേശിക്കുവാനും, സാധ്യമാകുന്ന എല്ലാ മേഖലകളിലും ഒന്നിച്ച് പ്രവർത്തിക്കുവാനും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി 10-ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്ക് നമ്മുടെ സഭാംഗങ്ങളും ഓൾഡ് കാതലിക്ക് ചർച്ച് പ്രതിനിധികളും സംബന്ധിച്ച് വിശുദ്ധ കുർബ്ബാനയും (ഇംഗ്ലീഷ്) പൊതു സമ്മേളനവും തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ചു നടത്തി. ഇരു സഭകളും തമ്മിലുള്ള ധാരണാ ഉടമ്പടി ഒപ്പുവെയ്ക്കുന്നതിനും സാധിച്ചു. ഇത് ഏറ്റവും ഹൃദ്യത നല്കുന്ന അനുഭവവും സഭയുടെ ചരിത്രത്തിലെ ഒരു പുത്തൻ നാഴികക്കല്ലുമായിരുന്നു. ഇതിൽ വന്ന് സംബന്ധിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

ഈ നാളുകളിൽ വിവിധ വാർഷിക പരീക്ഷകൾ, പുതിയ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾ എന്നിവ എഴുതുന്ന വിദ്യാർത്ഥികളെ ഓർത്ത് പ്രാർത്ഥിക്കുന്നു. ആശംസകളും അനുഗ്രഹങ്ങളും അറിയിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിലേക്ക് നാം വന്നുചേർന്നു. ഇടവക, ഭദ്രാസന തലങ്ങളിൽ സമയ ബന്ധിതമായി നിർവ്വഹിക്കേണ്ട ചുമതലകൾ കൃത്യതയോടെ പാലിക്കുവാൻ ബന്ധപ്പെട്ടവർ ഉത്സാഹിക്കണം. സഭ ഭരണഘടന പ്രകാരം ഇടവക തലത്തിൽ തിരഞ്ഞെടുപ്പുകൾ പൂർത്തീകരിക്കണം. ഇടവക ചുമതലക്കാർ കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കേണ്ട സമയമാണിത്. ഇടവകയുടെയോ സംഘടനകളുടെയോ ഏതെങ്കിലും തലത്തിൽ വരുന്ന കാലതാമസമോ, ഉത്തരവാദിത്വ നിർവ്വഹണത്തിലെ വീഴ്ചയോ സഭയെ ആകമാനം ബാധിക്കും എന്നതിനാൽ എല്ലാവരും തങ്ങളുടെ ചുമതലകൾ കൃത്യവിലോപം വരുത്താതെ ചെയ്യണമെന്ന് അറിയിക്കുന്നു. സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവർ സഭാ സംബന്ധമായും, ഗവൺമെന്റിന്റെ നിബന്ധനകൾക്കും വിധേയമായിത്തന്നെ ഇടപാടുകൾ നടത്തണം എന്നത് വിസ്മരിക്കരുത്. സഭയുടെ കേന്ദ്ര ആഫീസിലോ ഭദ്രാസന ആഫീസിലോ അടയ്ക്കേണ്ടതായ എല്ലാ വരുമാനങ്ങളും വീഴ്ച കൂടാതെ അടയ്ക്കുവാൻ ഇടവകകൾ ശ്രദ്ധിക്കണം.

കാലാവസ്ഥാ വ്യതിയാനം ശക്തമാകുന്നു എന്നത് വളരെ ഗൗരവത്തോടെ നാം കാണേണ്ട വസ്തുതയാണ്. അസഹനീയമാം വിധം ചൂടും വരൾച്ചയും ഈ നാളുകളിൽ നാം അനുഭവിക്കുന്നു. ചിലയിടങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഭൂമിയെയും ഭൂമിയിലുള്ള വിഭവങ്ങളെയും ഉത്തരവാദിത്വ ബോധത്തോടെ കൈകാര്യം ചെയ്യുവാൻ ഇനിയും നാം ശീലിക്കേണ്ടിയിരിക്കുന്നു. നാമോരോരുത്തരും പ്രകൃതിയുടെ കാവാലാളാണെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. ഭൂമിയെ സ്നേഹിക്കുവാനും കാത്തുസൂക്ഷിക്കുവാനുമുള്ള അതിജീവന പാഠം നാം പഠിക്കുകയും പ്രാവർത്തികമാക്കുകയും വേണം. ഭൗമസംരക്ഷണം നമ്മുടെ ആത്മീയതയുടെ ഭാഗവും കൂട്ടായ ഉത്തരവാദിത്വവുമാണ്. അതിനെ തിരിച്ചറിഞ്ഞ് ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ നമ്മെത്തന്നെ ദൈവകരങ്ങളിലർപ്പിക്കാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

മാർച്ച് 1 അന്താരാഷ്ട്ര സിവിൽ ഡിഫെൻസ് ദിനമായി ആചരിക്കുന്നു. സമൂഹത്തിൽ നടമാടുന്ന വിവേചനങ്ങൾക്കെതിരെ മനുഷ്യ മനസാക്ഷിയെ ഉണർത്തുക എന്നതാണ് ഈ ദിനത്തിന്റെ ഉദ്ദേശ്യം. ജാതി, മത, വർണ്ണ, ലിംഗ, ഭാഷാ വ്യത്യാസങ്ങളുടെ പേരിൽ അനേകർ വിവേചനം അനുഭവിക്കുന്നു എന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനമാണ്. വനിതകളുടെമേൽ ലിംഗഭേദത്തിന്റെ ശ്രേണീബദ്ധക്രമങ്ങൾ അടിച്ചേൽപ്പിക്കുന്ന പ്രവണത ഒട്ടും അഭിലഷണീയമല്ല. പരസ്പര ബഹുമാനത്തിൽ അധിഷ്ഠിതമായ ഒരു ജീവിതക്രമത്തെ സാധ്യമാക്കണം. ഭിന്ന ഭേദങ്ങളുടെ മധ്യേ നീതിബോധത്തിലുറച്ച സമാധാന ജീവിതം സാധ്യമാക്കാനുള്ള ബാധ്യത ക്രിസ്തു നമ്മെ ഭരമേല്പിച്ചിരിക്കുന്നു.

നമ്മുടെ സഭാംഗവും ഓസ്ട്രേലിയയിൽ പേർത്ത് മാർത്തോമ്മാ ഇടവകാംഗവുമായ ഡോ. കുരുവിള മാത്യുവിന് Award of The Medal of the Order of Australia എന്ന ഉന്നത ബഹുമതി നൽകി ഓസ്ട്രേലിയയുടെ ഗവർണ്ണർ ജനറൽ ആദരിച്ചിരിക്കുന്നു എന്നറിയുന്നത് ഏറ്റവും സന്തോഷകരമാണ്. അനേകം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഡോ. കുരുവിള മാത്യുവിന്, പൊതു നന്മക്കായി തന്റെ കഴിവുകളും വിഭവങ്ങളും തുടർന്നും ഉപയോഗിക്കുവാൻ ദൈവം കൃപ നല്കട്ടെ യെന്ന് പ്രാർത്ഥിക്കുന്നു. അഭിനന്ദനങ്ങൾ അറിയിക്കുന്നു.

നമ്മുടെ സഭയിലെ സീനിയർ വൈദീകരിലൊരാളായ ബഹുമാനപ്പെട്ട റവ. മാത്യു വർഗ്ഗീസ് (കാക്കനാട്) കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. കർത്താവേല്പിച്ച ശുശ്രൂഷ അനുഗ്രഹകരമായി നിർവ്വഹിച്ച ഒരു വൈദീക ശ്രേഷ്ഠനാണദ്ദേഹം. മാർത്തോമ്മാ സുവിശേഷ സേ

വികാസംഘത്തിന്റെ പൂർണ്ണ സമയ സുവിശേഷ പ്രവർത്തക വിശ്രാന്തി ഭവനിൽ എം. കുഞ്ഞന്നാമ്മ നിര്യാതയായി. അരനൂറ്റാണ്ടിലധികം സേവികാ സംഘം പ്രവർത്തനങ്ങളിൽ വ്യാപൃതയായിരുന്നു. ഈ പ്രീയപ്പെട്ടവരുടെ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുകയും, ഇവരുടെ ദേഹ വിയോഗത്തിൽ മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. കുഞ്ഞന്നാമ്മയെപ്പോലെ നമ്മുടെ സഭയിൽ കൂടുതൽ വനിതകൾ സമർപ്പിതരായി ശുശ്രൂഷയിലേക്ക് ചേർന്ന് വരുന്നത് അഭികാമ്യമാണ്.

മാർച്ച് മാസത്തിലെ ഞായറാഴ്ചകളിൽ നാം ധ്യാനിക്കുന്ന വിഷയങ്ങൾ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുവിന്റെ ആളത്വത്തെ സംബന്ധിച്ചും, സകല ജനതകൾക്കും കർത്താവായി അവിടുന്ന് അനുഭവമാകുന്നതിനെക്കുറിച്ചുമാണ്. യെരുശലേമിലേക്കുള്ള കർത്താവിന്റെ യാത്രയും പീഡാനുഭവവും കുരിശുമരണവും കബറടക്കവും ഉയിർത്തെഴുന്നേൽപ്പും ധ്യാനിക്കുമ്പോൾ അവയോട് താദാത്മ്യപ്പെടാൻ നമുക്ക് കഴിയേണ്ടതുണ്ട്. കുരിശിന്റെ സന്ദേശം നമുക്ക് ജീവന്റെ ശക്തിയാണല്ലോ.

മാർച്ച് 3 ഞായർ, സുറൊഫൊയ്നിക്യ ജാതിയിലുള്ള ഒരു യവനസ്ത്രീയുടെ മകളിൽ നിന്നും ഭൂതത്തെ പുറത്താക്കുന്ന സംഭവം ധ്യാനവിഷയമാക്കി നൽകിയിരിക്കുന്നു. കർത്താവ് സകല മനുഷ്യർക്കും വീണ്ടെടുപ്പുകാരൻ ആണ്. സകല ജനതകൾക്കും വെളിച്ചമായി തീരുന്ന സാക്ഷാൽ യിസ്രായേലിന്റെ കർത്താവാണ്. കർത്താവിന്റെ സുവിശേഷകനായ ഫിലിപ്പൊസും, പൗലൊസ് അപ്പോസ്തലനും ഈ വലിയ ദർശനത്തിന്റെ സാക്ഷ്യമാണ് നൽകിത്തരുന്നത്. ജാതി മത സങ്കുചിതത്വം വിഭാഗീയത സൃഷ്ടിക്കുമ്പോൾ സകലരെയും വീണ്ടെടുക്കുന്ന യേശുവിനെ ഉയർത്തി കാണിക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്.

മാർച്ച് 10 ഞായറാഴ്ച 'വിടുതൽ നൽകുന്ന യേശു' വിനെയാണ് നാം ധ്യാനിക്കുന്നത്. വിടുതൽ നൽകാൻ, നിലവിളി കേട്ട് ഇറങ്ങി വരുന്ന ദൈവത്തെയാണ് വേദപുസ്തകം പരിചയപ്പെടുത്തുന്നത്. ദൈവാലയത്തിൽ, നീണ്ട പതിനെട്ടു സംവത്സരം കൂനിയായി, നിശബ്ദതേങ്ങലുമായി കഴിഞ്ഞവളെ, കർത്താവ് അരികെ വിളിച്ചു സൗഖ്യം നൽകി. കുനിഞ്ഞു മാത്രം നില്ക്കാൻ കഴിയുമായിരുന്ന സ്ത്രീയെ നിവർത്തി നിർത്തി അവളുടെ കാഴ്ചയുടെ ചക്രവാളം വിസ്തൃതമാക്കാൻ കർത്താവ് സഹായിച്ചല്ലോ. യേശുവിന്റെ ആത്മാവിൽ ഈ ശുശ്രൂഷ തുടരുവാൻ കർത്താവ് സഭയെ പ്രചോദിപ്പിക്കട്ടെ.

മാർച്ച് 17 ഞായറാഴ്ച, യെരിഹോ തെരുവീഥിയിൽ ഇരുന്നു നിലവിളിച്ച ബർത്തിമായിയുടെ ശബ്ദം കേട്ടു യേശു നിന്ന്, അവനു സൗഖ്യം നൽകിയ സംഭവമാണ് നാം ധ്യാനിക്കുന്നത്. ഇന്നും നിലവിളി ശബ്ദങ്ങൾ ഉയരുന്നുണ്ടല്ലോ. ചൂഷിതരുടെയും ഒറ്റപ്പെട്ടു പോയവരുടെയും അടിച്ചമർത്തൽ അനുഭവിക്കുന്നവരുടെയും നിലവിളി കേൾക്കാതിരിക്കാൻ യേശുവിന്റെ സഭക്കു കഴിയുകയില്ല. നമ്മുടെ നോമ്പു കാലം സാമൂഹികവും സാമ്പത്തികവും ഘടനാപരവുമായ കാരണങ്ങളാൽ ഉണ്ടാകുന്ന നിലവിളിക്കു പ്രതികരണം കാണിക്കുന്ന സന്ദർഭമായിത്തീരട്ടെ.

മാർച്ച് 24, ഹോശന്ന ഞായറാഴ്ച ആണല്ലോ. സമാധാന പ്രഭു ആയ യേശു രാജപട്ടണമായ യെരുശലേമിലേക്ക് കഴുതപ്പുറത്തു കയറി എഴുന്നെള്ളി വന്നതിന്റെ സ്മരണയാണ് ഹോശന്ന. സമാധാനകാലത്തിന്റെ പ്രതീകമായിരുന്നു രാജാവിന്റെ കഴുതപ്പുറത്തുള്ള യാത്ര. സംഘർഷ നിർഭരമായ സാഹചര്യങ്ങൾ ആയിരുന്നു യെരൂശലേമിൽ ഉണ്ടായിരുന്നത്. സ്വയം നൽകിക്കൊടുക്കുന്ന യേശുവിന്റെ സഹന പാതക്കു മാത്രമേ സമാധാനം നൽകുവാൻ കഴിയുകയുള്ളു. യുദ്ധങ്ങളും സംഘർഷങ്ങളും നിറഞ്ഞു നിൽക്കുന്ന ലോകത്തിൽ 'കഴുതപ്പുറത്തു' സഞ്ചരിക്കുന്നവന്റെ വ്യത്യസ്ത മാർഗം പ്രസക്തിയുള്ളതാണ്. അതു ലോകത്തോടു പറയുന്നതാണ് സുവിശേഷവേല.

മാർച്ച് 31, ഉയിർപ്പു ഞായർ ആണല്ലോ. സത്യത്തെ കൊന്ന്, മുദ്ര വച്ച്, കല്ലറക്കുള്ളിൽ വച്ചു തമസ്കരിക്കാൻ വരേണ്യർ ശ്രമിച്ചുവെങ്കിലും, ദൈവശക്തി, ആ സത്യത്തെ ഉയിർപ്പിച്ചതാണ് ഈ പെരുന്നാൾ നൽകിതരുന്ന സന്ദേശം. മനുഷ്യബോധത്തിൽ ഇത്രയും പ്രചോദനം പകരുന്ന മറ്റൊരു സംഭവമില്ല. വ്യക്തിതലം മുതൽ ഈ പ്രചോദനം ഉൾകൊള്ളാൻ സകലർക്കും കഴിയട്ടെ. കർത്താവിന്റെ ഉയർത്തെഴുന്നേൽപ്പ് സകലർക്കുമുള്ള പുനരുത്ഥാനത്തിന്റെ വാഗ്ദാനം ആണ് നൽകുന്നത്. അതു കാലാന്ത്യത്തിൽ സംഭവിക്കുന്നു എന്നു മാത്രമല്ല, വർത്തമാനകാല അനുഭവമായി തീരുകയും ചെയ്യട്ടെ. പുനർ ജീവന്റെ യാഥാർഥ്യം അനുഭവിക്കുന്ന ദൈവമക്കളായി യാത്ര തുടരാൻ ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മെ സഹായിക്കട്ടെ.

ദൈവം തന്റെ കൃപയാൽ ആയുസ്സിൽ പുതിയ ഒരു സംവത്സരത്തിലേക്ക് പ്രവേശിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. 75 സംവത്സരങ്ങൾ ദൈവം അതിശയകരമായി വഴിനടത്തി. ജീവിതത്തിൽ ഇന്നയോളം അനുഭവിച്ച എല്ലാ അനുഗ്രഹങ്ങൾക്കുമായി ദൈവത്തിന് നന്ദി കരേറ്റുന്നു. നാളിതുവരെ വിവിധ ശുശ്രൂഷാ സ്ഥാനങ്ങളിൽ ലഭിച്ച ദൈവകൃപ വാക്കുകൾക്കതീതം. തുടർന്നും ഏവരുടെയും പ്രാർത്ഥന ആവശ്യമാണ്. സഭയെയും സഭാ നേതൃത്വത്തെയും വിവിധങ്ങളായ പ്രവർത്തനങ്ങളെയും നിങ്ങളുടെ വ്യക്തിപരമായ പ്രാർത്ഥനയിലും കൂട്ടായ പ്രാർത്ഥനകളിലും ഓർക്കണം. ആശംസകളറിയിച്ച എല്ലാവരോടുമുള്ള നന്ദിയും സന്തോഷവും അറിയിക്കുന്നു.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
24.02.2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**